

# ഇത് നീതി നിഷേധിക്കപ്പെട്ടവർക്ക് നീതി വാങ്ങിക്കൊടുക്കാനുള്ള പോരാട്ടം

പ്രസംഗം

●

**മൗലാനാ ജലാലുദ്ദീൻ അൻസ്വർ ഉമരി**

**കഴിഞ്ഞ പത്തു വർഷത്തിനകം രാജ്യത്ത് നടന്ന എല്ലാ വിധ്വംസക പ്രവർത്തനങ്ങളെക്കുറിച്ചും സുപ്രീംകോടതി ചീഫ് ജസ്റ്റിസ് പോലുള്ള ഉന്നതരുടെ നേതൃത്വത്തിൽ ഒരു അന്വേഷണം വേണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. കുറ്റവാളികളെന്ന് തെളിയിക്കപ്പെടുന്നവർ മുസ്‌ലിംകളോ ഹിന്ദുക്കളോ ആരാവട്ടെ അവർ ശിക്ഷിക്കപ്പെടണം. അപ്പോൾ മാത്രമേ സംഭവങ്ങളുടെ സത്യസ്ഥിതി വെളിപ്പെടൂ.**

**ഒട്ടേറെ** പ്രശ്നസങ്കീർണതകളിലൂടെയാണ് നമ്മുടെ ഈ വലിയ രാജ്യം മുന്നോട്ടു നീങ്ങുന്നത്. സമാധാനത്തോടെ ജീവിക്കാനാവുന്നില്ല, നീതി ലഭ്യമാകുന്നില്ല എന്നതാണ് ഇതിൽ ഏറ്റവും ഗുരുതരം. ഒരു പൗരന് ആദ്യമായി ലഭിക്കേണ്ടത് നീതിയും സമാധാനവുമാണ്. ഏതു നിമിഷവും തന്റെ ജീവൻ നഷ്ടപ്പെടാം, തന്റെ സഹോദരന് ദുരന്തങ്ങൾ സംഭവിക്കാം, തന്റെ മാതാവിനോ പിതാവിനോ കുട്ടിക്കോ എന്തും സംഭവിക്കാം, തന്റെ തൊഴിലും തൊഴിൽശാലയും ഇല്ലാതാക്കപ്പെടാം- ഉത്കണ്ഠയുടെയും ഭയത്തിന്റേതുമായ ഇത്തരമൊരു അന്തരീക്ഷത്തിലാണ് ഒരു വ്യക്തിക്ക് തന്റെ ജീവിതം തള്ളിനീക്കേണ്ടിവരുന്നതെങ്കിൽ, ജീവിതത്തിൽ മറ്റെന്തെല്ലാം സൗകര്യങ്ങൾ ആ വ്യക്തിക്ക് ഉണ്ടായിരുന്നാലും അയാൾക്ക് പുരോഗമിക്കാൻ കഴിയില്ല. ഇതുതന്നെയാണ് ഒരു സമൂഹത്തിന്റെയും അവസ്ഥ. ഒരു രാഷ്ട്രത്തിലെ ഏതെങ്കിലുമൊരു ജനവിഭാഗം തങ്ങളുടെ ജീവൻ, അഭിമാനം, സമ്പത്ത്, തൊഴിൽ, ജീവിതസൗകര്യങ്ങൾ എന്നിവയൊക്കെ ഏതു സമയത്തും പിടിച്ചുപറിക്കപ്പെട്ടേക്കാമെന്ന ഭയത്തോടെയാണ് ജീവിക്കുന്നതെങ്കിൽ, ആ വിഭാഗത്തിന് ഒരിക്കലും പുരോഗതി നേടാൻ കഴിയില്ല. രാഷ്ട്രത്തിനും ബാധകമാണ് ഇത്. തങ്ങളുടെ സ്വാതന്ത്ര്യം ഏതു നിമിഷവും പിച്ചിച്ചീന്തപ്പെടുമെന്ന ഭയത്തോടെ കഴിയുന്ന രാഷ്ട്രങ്ങൾക്കും പുരോഗമിക്കാൻ കഴിയില്ല. അഫ്ഗാനിസ്താനും ഇറാഖും ഇതിന്റെ ഏറ്റവും നല്ല ഉദാഹരണങ്ങളാണ്. പുരോഗതി പ്രാപിക്കാൻ ഒട്ടേറെ സാധ്യതകളുണ്ടായിരുന്ന ആ രാഷ്ട്രങ്ങൾ നീതിയും സമാധാനവും ലഭിക്കാതെ തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, നീതി വ്യക്തിയെന്ന പോലെ ഓരോ സമൂഹവും രാഷ്ട്രവും അനിവാര്യമായും നേടിയെടുക്കേണ്ട മൗലികാവകാശമാണെന്ന്.

ഓരോ മനുഷ്യനും പ്രപഞ്ചനാഥനായ അല്ലാഹു അനുവദിച്ച മൗലികാവകാശങ്ങൾ ലഭിക്കണമെങ്കിൽ, നീതി സ്ഥാപിക്കുക തന്നെ വേണം. മാന്യമായി ജീവിക്കാനുള്ള അവകാശമാണ് ഇതിൽ ആദ്യത്തേത്. വിദ്യാഭ്യാസം നേടാനുള്ള അവകാശം, വളരാനുള്ള അവകാശം- ഇതും ജന്മസിദ്ധമായ അവകാശങ്ങളാണ്. കറുത്തവനാവട്ടെ വെളുത്തവനാവട്ടെ, സമ്പന്നനാവട്ടെ ദരിദ്രനാവട്ടെ, സ്ത്രീയാവട്ടെ പുരുഷനാവട്ടെ ഒരോ മനുഷ്യനും ഈ അവകാശങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ലോകത്തെ എല്ലാ ജനാധിപത്യ ഭരണഘടനകളും ഭരണകൂടങ്ങളും അംഗീകരിച്ചിട്ടുള്ളതുമാണ് ഈ മൗലികാവകാശങ്ങൾ. അല്ലാഹു നൽകിയ ഈ അവകാശങ്ങളല്ലാതെ പുതിയ യാതൊരു വിധ അവകാശവും ഒരു രാഷ്ട്രവും അതിന്റെ പൗരന്മാർക്ക് നൽകുന്നില്ല. ഈ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നു എന്ന് തോന്നുമ്പോഴാണ് അസമാധാനമുണ്ടാവുന്നത്. ഭരണകൂടമോ പോലീസോ സമ്പന്ന വർഗങ്ങളോ ന്യൂനപക്ഷക്കാരനോ ഭൂരിപക്ഷക്കാരനോ ആരും തന്നെ ഈ മൗലികാവകാശങ്ങൾ കവർന്നെടുക്കില്ലെന്നും തന്റെ ജീവനും അഭിമാനവും സമ്പത്തും സുരക്ഷിതമായിരിക്കുമെന്നും ഒരു പൗരന് ഉറപ്പിക്കാൻ പറ്റുമ്പോൾ മാത്രമാണ് നാട്ടിൽ സമാധാനമുണ്ടാകുന്നത്. അതായത് നീതി ലഭിച്ചെങ്കിൽ മാത്രമേ സമാധാനമുണ്ടാവൂ. അനീതി എവിടെ നിന്നായാലും അത് ചെറുക്കപ്പെടുമെന്ന ആത്മവിശ്വാസവും പൗരനിൽ സൃഷ്ടിക്കാൻ കഴിയണം.

നമ്മുടെ രാജ്യത്തേക്ക് നിങ്ങളൊന്നു കണ്ണോടിച്ചുനോക്കൂ. രണ്ടു വിഭാഗങ്ങളായി ജനം വേർതിരിഞ്ഞ് നിൽക്കുന്നത് കാണാം. ഇതിൽ ഒരു വിഭാഗത്തിന്റെ കൈയിലാണ് ജീവിത വിഭവങ്ങളും അധികാരവും ശക്തിയുമെല്ലാം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നത്. നീതിയും നിയമവും അവരുടെ കൈപിടിയിലാണ്. ഇങ്ങനെ ഒരു മേൽത്തട്ട് വിഭാഗം രാജ്യത്ത് വളർന്നുവന്നിരിക്കുന്നു. ബഹുഭൂരിപക്ഷം വരുന്ന രാജ്യനിവാസികളാണ് രണ്ടാമത്തെ വിഭാഗം. അവർക്ക് എല്ലാ തരത്തിലുള്ള മൗലികാവകാശങ്ങളും ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടിരിക്കുന്നു. ഈ രണ്ടാമത്തെ വിഭാഗത്തിൽ ഏറ്റവുമധികം പീഡിപ്പിക്കപ്പെടുന്നവരാണ് പതിനഞ്ച് കോടിയോളം വരുന്ന ഇന്ത്യയിലെ മുസ്‌ലിംകൾ. ഏറ്റവും വലിയ ന്യൂനപക്ഷമാണ് അവർ. ഏറ്റവും വലിയ ന്യൂനപക്ഷം എന്ന് പറയുന്നതി



*ജലാലുദ്ദീൻ അൻസ്വർ ഉമരി*

**ഭരണകൂടമോ പോലീസോ സമ്പന്ന വർഗങ്ങളോ ന്യൂനപക്ഷക്കാരനോ ഭൂരിപക്ഷക്കാരനോ ആരും തന്നെ മൗലികാവകാശങ്ങൾ കവർന്നെടുക്കില്ലെന്നും തന്റെ ജീവനും അഭിമാനവും സമ്പത്തും സുരക്ഷിതമായിരിക്കുമെന്നും ഒരു പൗരന് ഉറപ്പിക്കാൻ പറ്റുമ്പോൾ മാത്രമാണ് നാട്ടിൽ സമാധാനമുണ്ടാകുന്നത്. അതായത് നീതി ലഭിച്ചെങ്കിൽ മാത്രമേ സമാധാനമുണ്ടാവൂ. അനീതി എവിടെ നിന്നായാലും അത് ചെറുക്കപ്പെടുമെന്ന ആത്മവിശ്വാസവും പൗരനിൽ സൃഷ്ടിക്കാൻ കഴിയണം.**

നേക്കാൾ, രണ്ടാമത്തെ ഏറ്റവും വലിയ ഭൂരിപക്ഷം എന്ന് പറയുന്നതാവും അവർക്ക് ചേരുന്ന പ്രയോഗം.

ഇന്ത്യൻ മുസ്‌ലിംകളുടെ അവസ്ഥയെന്താണ്? അക്കാര്യം ഇനി നാം പ്രത്യേകം അന്വേഷണം നടത്തി പഠിക്കേണ്ടതില്ല. സച്ചാർ കമീഷൻ റിപ്പോർട്ട് സാമ്പത്തിക, വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ അവർ എവിടെ നിൽക്കുന്നു എന്ന് വരച്ചുകാണിച്ചു തന്നിട്ടുണ്ട്. രാജ്യത്തെ ദുർബല വിഭാഗങ്ങളിൽ ഏറ്റവുമൊടുവിലോ അതിന് തൊട്ടു മുകളിലോ ആണ് അവരുടെ സ്ഥാനം. ഞാനൊന്ന് ചോദിക്കട്ടെ, കഴിഞ്ഞ അറുപത് വർഷമായി കോൺഗ്രസും മറ്റു സെക്യുലർ പാർട്ടികളും സംഘ്പരിവാറുമാണ് കേന്ദ്രം മാറി മാറി ഭരിച്ചുകൊണ്ടിരിക്കുന്നത്. എന്തുകൊണ്ട് ഇവർക്കൊന്നും മുസ്‌ലിം സമൂഹത്തിന്റെ നില മെച്ചപ്പെടുത്താൻ കഴിഞ്ഞില്ല?

മുസ്‌ലിംകളെ സംബന്ധിച്ച് ഉയർന്ന ഒരു ആരോപണം ഇതായിരുന്നു: അവരാണത്രെ രാജ്യത്ത് കലാപങ്ങൾ സൃഷ്ടിക്കുന്നത്. അവർ എവിടെയുണ്ടോ അവിടെ കലാപമുണ്ടെന്ന്. കഴിഞ്ഞ അറുപത് വർഷത്തെ കലാപങ്ങളുടെ ചരിത്രം നിങ്ങളൊന്ന് പരിശോധിച്ച് നോക്കുക. ഈ കലാപങ്ങളിലെല്ലാം ജീവനും സ്വത്തിനും കനത്ത നഷ്ടമുണ്ടായിട്ടുള്ളത് മുസ്‌ലിംകൾക്കാണ്. പിന്നെ എങ്ങനെയാണ് കലാപങ്ങൾ ഉണ്ടാക്കുന്നത് മുസ്‌ലിം സമുദായമാണെന്ന് പറയാൻ കഴിയുക?

ഇപ്പോൾ മുസ്‌ലിം സമുദായത്തെക്കുറിച്ച് മറ്റൊരു ആരോപണമാണ് ഉയർന്നുകേൾക്കുന്നത്, അവർ തീവ്രവാദികളാണ്, ഭീകരവാദികളാണ്. സ്വാതന്ത്ര്യാനന്തരമുള്ള ആറ് പതിറ്റാണ്ടിനിടയിലോ അതിന് മുമ്പുള്ള ഇന്ത്യാ ചരിത്രത്തിലെ ഏതെങ്കിലും ഘട്ടത്തിലോ ഇന്ത്യൻ മുസ്‌ലിംകൾ ഭീകരവാദത്തിലേക്കോ തീവ്രവാദത്തിലേക്കോ വഴിതിരിഞ്ഞ് പോയതായി നിങ്ങൾക്ക് തെളിയിക്കാൻ കഴിയുമോ? പിന്നെ എങ്ങനെയാണ് പൊടുന്നനെ തീവ്രവാദം മുസ്‌ലിം സമുദായത്തിന്റെ തലയിൽ കെട്ടിവെക്കപ്പെട്ടത്? യഥാർഥത്തിൽ സെപ്റ്റംബർ പതിനൊന്നിലെ ആക്രമണത്തിനു ശേഷം അമേരിക്കൻ സാമ്രാജ്യത്വം ആക്രമണത്തിന്റെ ഉത്തരവാദിത്വം മുസ്‌ലിംകളിൽ കെട്ടിവെക്കുകയും ഇവർ തീവ്രവാദികളും ഭീകരവാദികളുമാണെന്ന് പ്രചരിപ്പിക്കുകയുമായിരുന്നു. അമേരിക്കക്ക് ദാസ്യവൃത്തി ചെയ്യുന്ന അടിമ രാജ്യങ്ങൾ ഈ ആരോപണം ഏറ്റുപിടിച്ചപ്പോൾ, നമ്മുടെ രാജ്യവും അവരോടൊപ്പം ചേർന്നു. ഇപ്പോൾ അവിടെ നിന്നും മുന്നോട്ടുപോയി, ഇസ്‌ലാം തന്നെ തീവ്രവാദമാണ് എന്നാണ് പറയുന്നത്.

വിശുദ്ധ ഖുർആൻ അവതീർണമായിട്ട് പതിനാല് നൂറ്റാണ്ടായിരിക്കുന്നു. ഈ കാലത്തിനിടക്ക് ഖുർആൻ ലോകത്ത് എവിടെയെങ്കിലും തീവ്രവാദവും ഭീകരവാദവും പ്രോത്സാഹിപ്പിച്ചതിന് ഒരു തെളിവും കാണിച്ചുതരിക സാധ്യമല്ല. ഞാൻ ഇസ്‌ലാമിനെ പഠിച്ചുകൊണ്ടിരിക്കുന്ന ഒരു വിദ്യാർഥിയാണ്. ഖുർആനെ പറ്റിയും തിരുസുന്നത്തിനെ




പ്പറ്റിയും കുറെയധികം കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചിട്ടുണ്ട്. ഈ പ്രബുദ്ധ സദസ്സിനെ ഞാൻ വെല്ലുവിളിക്കുന്നു, വിശുദ്ധ ഖുർആനിലെ ഏതു സൂക്തമാണ്, നബിചര്യയിലെ ഏത് വചനമാണ് തീവ്രവാദത്തിന് ഉത്തേജനം നൽകുന്നത്? സമാധാനം സ്ഥാപിക്കപ്പെട്ടതിന് ശേഷം ഭൂമിയിൽ നിങ്ങൾ കുഴപ്പങ്ങൾ ഉണ്ടാക്കരുത് എന്നാണ് ഖുർആന്റെ ആഹ്വാനം.

ഇങ്ങനെ മുസ്‌ലിം സമൂഹത്തിന്റെ പ്രശ്നങ്ങൾ വിവരിക്കാൻ മണിക്കൂറുകൾ തന്നെ വേണ്ടിവരും. ഇത് മുസ്‌ലിം സമൂഹത്തിന്റെ മാത്രം പ്രശ്നമല്ല. മറ്റു വിഭാഗങ്ങളുടെ അവസ്ഥയും ഇതൊക്കെതന്നെയാണ്. ജനസംഖ്യയുടെ ഇരുപത് മുതൽ നാൽപത് ശതമാനം വരെ വരുന്ന ദലിതുകളുടെ അവസ്ഥയെന്താണ്? രാജ്യവ്യാപകമായി അവരുടെ വീടുകൾ ചുട്ടെരിക്കപ്പെടുന്നു. അവരുടെ സ്ത്രീകൾ മാനഹാനിക്കിരയാവുന്നു. അവരുടെ കുട്ടികളെ അടിമവേലക്കായി പിടിച്ചുകൊണ്ടുപോകുന്നു. ഫാക്ടറികളിലും മറ്റും അടിമവേല ചെയ്യുന്നത് ബഹുഭൂരിഭാഗവും ദലിത് കുട്ടികളാണ്. അവർക്ക് വിദ്യാഭ്യാസത്തിന് അവസരം നൽകുന്നില്ല. ഇത് എന്തുകൊണ്ട് സംഭവിച്ചു? ദലിതുകൾക്ക് ഇതിനല്ലാതെ മറ്റൊന്നിനും അർഹതയില്ല എന്നാണോ?

**സ്വാതന്ത്ര്യാനന്തരമുള്ള ആറ് പതിറ്റാണ്ടിനിടയിലോ അതിന് മുമ്പുള്ള ഇന്ത്യാ ചരിത്രത്തിലെ ഏതെങ്കിലും ഘട്ടത്തിലോ ഇന്ത്യൻ മുസ്‌ലിംകൾ ഭീകരവാദത്തിലേക്കോ തീവ്രവാദത്തിലേക്കോ വഴിതിരിഞ്ഞ് പോയതായി നിങ്ങൾക്ക് തെളിയിക്കാൻ കഴിയുമോ? പിന്നെ എങ്ങനെയാണ് പൊടുന്നനെ തീവ്രവാദം മുസ്‌ലിം സമുദായത്തിന്റെ തലയിൽ കെട്ടിവെക്കപ്പെട്ടത്? യഥാർഥത്തിൽ സെപ്റ്റംബർ പതിനൊന്നിലെ ആക്രമണത്തിനു ശേഷം അമേരിക്കൻ സാമ്രാജ്യത്വം ആക്രമണത്തിന്റെ ഉത്തരവാദിത്വം മുസ്‌ലിംകളിൽ കെട്ടിവെക്കുകയും ഇവർ തീവ്രവാദികളും ഭീകരവാദികളുമാണെന്ന് പ്രചരിപ്പിക്കുകയുമായിരുന്നു. അമേരിക്കക്ക് ദാസ്യവൃത്തി ചെയ്യുന്ന അടിമ രാജ്യങ്ങൾ ഈ ആരോപണം ഏറ്റുപിടിച്ചപ്പോൾ, നമ്മുടെ രാജ്യവും അവരോടൊപ്പം ചേർന്നു.**

മുസ്‌ലിംകളും ദലിതുകളും കടന്ന് രാജ്യത്ത് രണ്ടര ശതമാനം വരുന്ന ക്രൈസ്തവ വിശ്വാസികൾക്ക് നേരെയാണ് ഇപ്പോൾ ആക്രമണങ്ങൾ. ഒറീസയിലും ഗുജറാത്തിലും തമിഴ്നാട്ടിലുമൊക്കെ അവർക്കെതിരെ വ്യാപകമായി അതിക്രമങ്ങൾ നടക്കുന്നു. അവരുടെ ദേവാലയങ്ങൾ തകർക്കപ്പെടുകയും കന്യാസ്ത്രീകൾ ബലാത്സംഗം ചെയ്യപ്പെടുകയും ചെയ്യുന്നു. ക്രൈസ്തവർ ഈ രാജ്യത്തോട് എന്ത് അനീതി കാട്ടിയതിന്റെ പേരിലാണ് ഈ അതിക്രമങ്ങൾ? നിസ്തുലമായ സേവനപ്രവർത്തനങ്ങളുടെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെയും ചരിത്രമല്ലേ ക്രൈസ്തവർക്കുള്ളത്? ക്രൈസ്തവ രാജ്യങ്ങൾ സന്ദർശിച്ച വേളയിൽ ഇതു സംബന്ധിച്ച ചോദ്യങ്ങൾ വന്നപ്പോൾ തന്റെ തല ലജ്ജകൊണ്ട് കുനിഞ്ഞുപോയി എന്ന് നമ്മുടെ പ്രധാനമന്ത്രി പോലും പറയുകയുണ്ടായി.

ഒരു സംഭവം ഈ സന്ദർഭത്തിൽ ഞാൻ ഓർമിക്കുകയാണ്. ഒറീസയിൽ ക്രൈസ്തവർ ആക്രമിക്കപ്പെട്ടപ്പോൾ അവിടം സന്ദർശിച്ച ജമാഅത്തെ ഇസ്‌ലാമിയുടെ പ്രതിനിധി സംഘത്തിൽ പെട്ട ഒരാൾ ഒരു അച്ചനോട് ഇപ്രകാരം പറഞ്ഞു: "സഹോദരാ, സംഭവിച്ചതിൽ ഞങ്ങൾക്ക് ദുഃഖമുണ്ട്. ഇപ്പോൾ നിങ്ങളെ സഹായിക്കാൻ ഞങ്ങൾക്ക് കഴിയാതെ വന്നിരിക്കുന്നു. നിങ്ങളുടെ ദുഃഖത്തിൽ പങ്കുചേരാനാണ് ഞങ്ങൾ വന്നത്.'' കണ്ണീർ വാർത്തുകൊണ്ട്

അച്ചന്റെ മറുപടി: "എനിക്കതിലല്ല ദുഃഖം. അറുപത് വർഷമായി ഈ രാജ്യത്ത് നിങ്ങൾ പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതേവരെയും അതിനെതിരെ ശബ്ദമുയർത്താൻ ഞങ്ങൾ ക്രൈസ്തവർക്ക് കഴിഞ്ഞില്ലല്ലോ, എന്നതിലാണ് എന്റെ ദുഃഖം."

ഇതാണ് രാജ്യത്തിന്റെ അവസ്ഥ. ആരാണ് രാജ്യസ്നേഹി, ആരാണ് രാജ്യദ്രോഹി എന്ന് സർട്ടിഫിക്കറ്റ് നൽകാനുള്ള അധികാരം തങ്ങൾക്കാണെന്ന് ചിലർ ധരിച്ചിരിക്കുകയാണ്. ദേശക്കൂറും ദേശദ്രോഹവും തീരുമാനിക്കാൻ ഇവിടെ ആരും ആരെയും ചുമതലപ്പെടുത്തിയിട്ടില്ല. മുസ്‌ലിംകൾ രാജ്യദ്രോഹികളാണ്, സിക്കുകാർ രാജ്യദ്രോഹികളാണ്, ദലിതുകൾ രാജ്യദ്രോഹികളാണ്, ക്രിസ്ത്യാനികൾ രാജ്യദ്രോഹികളാണ് എന്നിങ്ങനെ തങ്ങൾക്ക് തോന്നിയവരെയൊക്കെ ചിലർ രാജ്യദ്രോഹികളായി പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നു. ഈ ഗുരുതരമായ സാമൂഹിക ചുറ്റുപാടിനെക്കുറിച്ച ബോധം നമ്മിൽ ഓരോരുത്തർക്കും ഉണ്ടാവേണ്ടതുണ്ട്.

നിഷേധിക്കപ്പെട്ട നീതി ഇരന്ന് വാങ്ങാൻ വന്നവരാവരുത് മുസ്‌ലിംകൾ. അത് ഇസ്‌ലാമിക സമൂഹത്തിന്റെ സ്വഭാവമല്ല. എവിടെയൊക്കെ നീതി നിഷേധിക്കപ്പെടുന്നുവോ അത് വാങ്ങിക്കൊടുക്കാൻ ബാധ്യതപ്പെട്ടവരാണ് അവർ. നീതിനിഷേധിക്കപ്പെട്ടവർ സ്ത്രീകളാകാം, തൊഴിലാളികളാകാം, ഹരിജനങ്ങളോ ഗിരിജനങ്ങളോ ആകാം, ബ്രാഹ്മണരാകാം- ആരുമാകട്ടെ നീതിനിഷേധിക്കപ്പെട്ട മുഴുവനാളുകൾക്കും നീതി വാങ്ങിക്കൊടുക്കാനുള്ള പോരാട്ട വഴിയിലാണ് നാം ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്. നീതിക്കും സമാധാനത്തിനും ഉപരിവർഗത്തോട് യാചിക്കാൻ വന്നവരല്ല നാം. അല്ലാഹുവിന് വേണ്ടി നിലയുറപ്പിച്ച് നീതിക്ക് സാക്ഷികളാവുക എന്നാണ് ഖുർആൻ കൽപിക്കുന്നത്. നീതിനിഷേധിച്ചവരുടെ മുഖത്ത് നോക്കി സത്യം തുറന്ന് പറയാനുള്ള ആർജവം ഇസ്‌ലാമിക സമൂഹത്തിനുണ്ടാവണം. മുഴുവൻ ജനവിഭാഗങ്ങൾക്കും വേണ്ടിയുള്ള പോരാട്ടമാണിത്. നിങ്ങൾക്ക് നീതി നിഷേധിക്കപ്പെട്ടാലും നിങ്ങൾ മറ്റുള്ളവരോട് നീതികേട് കാണിക്കരുതെന്നും ഖുർആൻ ഉദ്ബോധിപ്പിക്കുന്നു. എത്രതന്നെ നീതിനിഷേധിക്കപ്പെട്ടാലും അനീതിയുടെയും ആക്രമണത്തിന്റെയും മാർഗത്തിലേക്ക് നാം പോവുകയില്ല. ഇതാണ് ഇസ്‌ലാമിക സമൂഹം സ്വീകരിക്കേണ്ട നിലപാട്. ഈയൊരു നിലപാടിലേക്ക് വരണമെന്നാണ് ഇസ്‌ലാമിക പ്രസ്ഥാനം മുസ്‌ലിം സമൂഹത്തോട് ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്.

രാജ്യത്ത് എവിടെ സ്ഫോടനം നടന്നാലും സംശയിക്കപ്പെടുന്നത് മുസ്‌ലിംകളാണ്. പള്ളിയിലോ ബസാറിലോ ഈദ്ഗാഹിലോ മുസ്‌ലിം ബസ്തികളിലോ ബോംബ് പൊട്ടിയാൽ ഉടൻ മുസ്‌ലിംകൾ പിടിക്കപ്പെടുകയായി. മുസ്‌ലിംകൾ സ്വന്തം ബസ്തികളും മസ്ജിദുകളും ഖബ്റിസ്ഥാനുകളും ബോംബുവെച്ച് തകർക്കുകയാണ് എന്നാണോ പറയുന്നത്? സ്വന്തം വീടും ആരാധനാലയവും ആരെങ്കിലും ബോംബ് വെക്കുമോ? ഇത്തരം പ്രാഥമികമായ സാമാന്യയുക്തി പോലും മീഡിയാ പ്രവർത്തനത്തിൽ കാണുന്നില്ല. കൂട്ടത്തോടെ ആളുകളെ അറസ്റ്റ് ചെയ്യുന്നതാണ് പിന്നീട് കാണുന്നത്. പോട്ടയുടെ പേരിൽ തടവിലാക്കപ്പെട്ടവരിൽ 95 ശതമാനവും മുസ്‌ലിംകളാണ്. യു.പി.എ ഗവൺമെന്റ് വന്നു; പോട്ട റദ്ദ് ചെയ്തു. പക്ഷേ, പോട്ട കേസുകൾ ഇപ്പോഴും നിലനിൽക്കുകയാണ്. വിവിധ സംസ്ഥാനങ്ങൾ പല പേരുകളിൽ ഇതുപോലുള്ള നിയമങ്ങൾ വീണ്ടും കൊണ്ടുവരികയും ചെയ്യുന്നു. തികച്ചും ഏകപക്ഷീയമായ അറസ്റ്റുകളുടെ പരമ്പരയാണ് രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്നത്.

ഈയൊരു പശ്ചാത്തലത്തിൽ കഴിഞ്ഞ പത്തു വർഷത്തിനകം രാജ്യത്ത് നടന്ന എല്ലാ വിധ്വംസക പ്രവർത്തനങ്ങളെക്കുറിച്ചും സുപ്രീംകോടതി ചീഫ് ജസ്റ്റിസ് പോലുള്ള ഉന്നതരുടെ നേതൃത്വത്തിൽ ഒരു അന്വേഷണം വേണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നു. കുറ്റവാളികളെന്ന് തെളിയിക്കപ്പെടുന്നവർ മുസ്‌ലിംകളോ ഹിന്ദുക്കളോ ആരാവട്ടെ അവർ ശിക്ഷിക്കപ്പെടണം. അപ്പോൾ മാത്രമേ സംഭവങ്ങളുടെ സത്യസ്ഥിതി വെളിപ്പെടൂ.

രാജ്യത്തെ വിവിധ നഗരങ്ങൾ സന്ദർശിച്ച ശേഷമാണ് ഈ ദേശീയ യാത്ര ഇവിടെ സമാപിക്കുന്നത്. ഈ റാലിയിൽ ഞങ്ങൾക്ക് അനുഭവപ്പെട്ട സന്തോഷകരമായ കാര്യം, മുസ്‌ലിം സമൂഹത്തിൽനിന്ന് മാത്രമല്ല, ഇതര സമൂഹങ്ങളിൽനിന്നും ധാരാളം ബുദ്ധിജീവികളും സാധാരണക്കാരുമൊക്കെ ഈ റാലിയിൽ ആവേശപൂർവം പങ്കെടുത്തു എന്നതാണ്. പതിനായിരങ്ങൾ പങ്കെടുത്ത റാലികളാണ് സംഘടിപ്പിക്കപ്പെട്ടത്. ഈ ദേശീയ യാത്ര ഉയർത്തിപ്പിടിക്കുന്ന വിഷയം ജനങ്ങൾ എങ്ങനെ സ്വീകരിക്കുന്നു എന്ന് വ്യക്തമാക്കാനാണ് ഞാൻ ഈ അനുഭവം പങ്കുവെച്ചത്. ഈ യാത്രക്ക് ഇവിടെ താൽക്കാലിക വിരാമമിടുകയാണെങ്കിലും, ഇത് ഉയർത്തിയ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് നാം കരുത്തോടെ മുന്നോട്ടുപോവുകതന്നെ ചെയ്യും. വലിയൊരു വിഭാഗം ജനങ്ങൾ അവകാശങ്ങൾ നിഷേധിക്കപ്പെട്ട് ആലംബഹീനരായി കഴിയുകയാണെന്നും അവരുടെ വിമോചനത്തിനും ശാക്തീകരണത്തിനും ശക്തമായ ഒരു രാഷ്ട്രീയ പ്രസ്ഥാനം അനിവാര്യമാണെന്നും ഈ യാത്രയിൽ നമുക്ക് ബോധ്യപ്പെട്ടിരിക്കുന്നു. നീതി നിഷേധിക്കപ്പെട്ട എല്ലാവർക്കുമുള്ള ഒരു പ്രസ്ഥാനമായിരിക്കും അത്. കുറഞ്ഞ ദിവസങ്ങൾക്കകം അത് സംബന്ധമായ കൂടുതൽ വിവരങ്ങൾ നിങ്ങൾക്ക് ലഭിക്കും. നീതിക്ക് വേണ്ടിയുള്ള ഈ പോരാട്ടത്തിൽ നിങ്ങളുടെ സർവ പിന്തുണയുമുണ്ടാവണം. സർവശക്തൻ നമ്മെ തുണക്കുമാറാകട്ടെ. ■

(കൊച്ചി മറൈൻ ഡ്രൈവ് മൈതാനിയിൽ ദേശീയ യാത്രയുടെ സമാപന സമ്മേളനത്തിൽ ചെയ്ത ഉദ്ഘാടന പ്രസംഗം)